# മാറാടി ഗ്രാമപഞ്ചായത്ത്

# 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

**(പഞ്ചായത്ത് ഭരണസമിതിയുടെ 05.03.2026 തീയതിയിലെ നമ്പർ 1(1) തീരുമാനം പ്രകാരം അംഗീകരിച്ചത് )**

# ആമുഖം

ബഹുമാനപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ശ്രീമതി ഷാന്റി അബ്രാഹം, സെക്രട്ടറി ശ്രീ.ലിജോ ജോൺ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, വാർഡ് മെമ്പർമാർ, നിർവഹണ ഉദ്യോഗസ്ഥർ, ഗ്രാമ പഞ്ചായത്ത് ജീവനക്കാർ, പ്രിയ സുഹൃത്തുക്കളെ, 2026-2027 സാമ്പത്തിക വർഷത്തെ മാറാടി ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് അവതരണത്തിലേയ്ക്ക് നിങ്ങളെ സഹർഷം സ്വാഗതം ചെയ്യുന്നു.

മാറാടി എന്ന ഗ്രാമം പഴയ തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നു. കരിമ്പ് കൃഷി വ്യാപകമായിട്ടുണ്ടായിരുന്ന ടി പ്രദേശത്ത് കരിമ്പ് ആട്ടി ശർക്കര ഉണ്ടാക്കുന്ന മരച്ചക്കുകൾ (മരയടികൾ) ധാരാളം ഉണ്ടായിരുന്നു. മരയടികൾ ഉള്ള സ്ഥലം മാറാടി ആയിയെന്ന് പറയപ്പെടുന്നു. മാറാടിയുടെ വികസനത്തിൽ തദ്ദേശസ്ഥാപനം എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്. വിവിധ വികസന സൂചികകളിൽ കേരളത്തിന് ദേശീയതലത്തിൽ പ്രഥമ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശിക ആസുത്രണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുലർത്തുന്ന നിഷ്ഠയും മികവുമാണ്. പുതിയകാലത്തിന്റെ വികസനസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കുവാനും തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം. രാജ്യം വികസിക്കുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങളും വർദ്ധിക്കുന്നു. ആവശ്യങ്ങളുടെ സ്വഭാവം തന്നെ മാറുന്നു. പിന്നോക്കവിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസമാണ് ഗ്രാമ പഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നത്. എല്ലാവരുടേയും മൗലികാവകാശങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹികസുരക്ഷ, ദാരിദ്രത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം, മതസൗഹാർദ്ദത, സമാധാനം, ഉയർന്നഗുണനിലവാരമുള്ള പശ്ചാത്തലസൗകര്യങ്ങൾ, എല്ലാ വികസനമേഖലയിലും ആധുനികവും പരിസ്ഥിതിസൗഹൃദവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം,മാലിന്യനിർമ്മാർജനം,തൊഴിൽ,ഉപജീവന സുരക്ഷ എന്നിവ ഗ്രാമ പഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങളിൽപ്പെടുന്നു. കുന്നോളം ആവശ്യങ്ങളും കുന്നിക്കുരുവോളം ഫണ്ടും എന്ന അവസ്ഥയാണുള്ളത്. മാറുന്ന കാലത്തിന് അനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാറാടി ഗ്രാമ പഞ്ചായത്ത് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്.

2024-2025 സാമ്പത്തിക വർഷം വരെ ലഭ്യമായ മുഴുവൻ ഫണ്ടുകളും ചെലവഴിച്ച ജില്ലയിലെ മികച്ച ഗ്രാമ പഞ്ചായത്തുകളിൽ ഒന്ന് മാറാടിയായിരുന്നു. ഫണ്ട് ചെലവഴിക്കുന്നതിൽ മാത്രമല്ല ആ വർഷത്തെ തനത് നികുതികളും ഫീസുകളും ജില്ലയിൽ ഒന്നാമതായി 100 ശതമാനവും പിരിച്ചെടുത്തതും മാറാടിയായിരുന്നു. മാലിന്യ സംസ്ക്കരണത്തിന് പഞ്ചായത്ത് നടത്തുന്ന ഇടപെടലിലൂടെ യൂസർ ഫീ കളക്ട് ചെയ്യുന്നതിൽ ജില്ലയിലെ മികച്ച ഗ്രാമപഞ്ചായത്തായി മാറുന്നതിന് സാധിച്ചു. ഗ്രാമപഞ്ചായത്തിന്റെ സമഗ്രമേഖലയിലുമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ പരിഗണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 2023-2024 വർഷം ജില്ലയിലെ മികച്ച രണ്ടാമത്തെ ഗ്രാമ പഞ്ചായത്തായും 2024-2025 വർഷം ജില്ലയിലെ മികച്ച ഒന്നാമത്തെ ഗ്രാമ പഞ്ചായത്തുമായി മാറാടിയെ തെരഞ്ഞെടുത്തു. ആയതിനായി ആശ്രാന്തം പരിശ്രമിച്ച മുൻ ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, കുടുംബശ്രീ,അങ്കണവാടി, ആശാ, ഹരിതകർമ്മസേന, ബി.എം.സി, തുടങ്ങിയ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ഇന്ന് നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസനദിശയും പ്രവർത്തന പദ്ധതികളും വ്യക്തമാക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിക്കുന്നത്. ബഡ്ജറ്റ് എന്നത് വരുമാനവും ചെലവും കാണിക്കുന്ന ഒരു രേഖ മാത്രമല്ല. അത് നമ്മുടെ ദൗത്യത്തിന്റെ ദിശാസൂചികയും ഭാവിയിലേയ്ക്കുള്ള റൂട്ട്മാപ്പുമാണ്. മുൻ വർഷങ്ങളിൽ നമ്മൾ നേരിട്ട വെല്ലുവിളികളും കൈവരിച്ച നേട്ടങ്ങളും വിലയിരുത്തിക്കൊണ്ട് സാമ്പത്തിക നിയന്ത്രണവും കാര്യക്ഷമതയും മുൻനിർത്തിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സമൂഹത്തിന്റെ വളർച്ച,അടിസ്ഥാന സൗകര്യവികസനം, ക്ഷേമ പദ്ധതികൾ, സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുള്ള പദ്ധതികൾ, വയോജനങ്ങളുടെ ക്ഷേമം,പട്ടികജാതി-പട്ടികവർഗ ക്ഷേമ പദ്ധതികൾ എന്നിവയ്ക്കെല്ലാം പ്രാധാന്യം നൽകിയാണ് ബഡ്ജറ്റ് രൂപ കൽപ്പന ചെയ്തിരിക്കുന്നത്. ഈ ബഡ്ജറ്റ് നമ്മുടെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള ശക്തമായ ഒരു ചുവട് വെയ്പ്പാണ്.എല്ലാവരുടേയും സഹകരണവും നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് 22,50,98,497/- രൂപ വരവും 21,39,84,066/- രൂപ ചെലവും 1,11,14,431/- നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന മാറാടി ഗ്രാമ പഞ്ചായത്തിന്റെ 2025-2030 ഭരണസമിതിയുടെ ആദ്യ ബജറ്റ് ഏറെ അഭിമാനത്തോടെ ഞാൻ നിങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുകയാണ്.

**മാറാടി** **സാജു കുന്നപ്പിള്ളി**

**05/03/2026** **വൈസ് പ്രസിഡന്റ്**

**കാർഷിക മേഖല**

നെൽകൃഷിയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും ഇടപെടലുകൾ ആവശ്യമാണ്. കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ കൂടി കൊണ്ടുവരുന്നതിന് നൂതന സാങ്കേതിക വിദ്യകൾ കൂടി പ്രയോജനപ്പെടുത്തിയുള്ള മികവുറ്റ പദ്ധതികൾ ആവശ്യമാണ്. കൂടാതെ നെൽകർഷകരുടെ നിരന്തരമായ ആവശ്യം പരഗണിച്ച് പൗലിൽത്താഴം- ഇലവുങ്കൽത്താഴം- മാടശ്ശേരി പാടം തോട് പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ഉൾപ്പെടെ കാർഷിക മേഖലയിൽ 23,27,387/- രൂപ വകയിരുത്തുന്നു.

**മൃഗസംരക്ഷണം**

മൃഗസംരക്ഷണ മേഖലയിൽ ഇറച്ചി, മുട്ട എന്നിവയുടെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് അടുക്കളമുറ്റത്തെ കോഴി വളർത്തൽ എന്ന പദ്ധതി 3,39,000/- രൂപ വകയിരുത്തി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ 1 ഉരുവിന് പ്രതിവർഷം പരമാവധി 1200 രൂപ നൽകുന്നതിന് കന്നുകാലികൾക്ക് ധാതുമിശ്രിതം എന്ന പദ്ധതിയ്ക്ക് 1,00,000/- രൂപയും കന്നുകാലികൾക്ക് വറ്റുകാലകാലിത്തീറ്റ വിതരണത്തിനായി 1,84,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. തെരുവ് നായ്ക്കളുടേയും വളർത്ത് നായ്ക്കളുടേയും പേവിഷബാധ നിയന്ത്രണത്തിനായി 35,000/- രൂപയുടെ പദ്ധതിയും എ.ബി.സി പ്രവർത്തനങ്ങൾക്കായി 1,00,000/- രൂപയും മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് 2,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പാൽ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്ററിന് 3/- രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് 4,00,000/- രൂപയുടെ പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്.

**സ്വയംതൊഴിൽ സംരംഭങ്ങൾ**

സ്ത്രീ ശാക്തീകരണത്തിന് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട് . സ്ത്രീകളുടെ തൊഴിൽ വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുമുണ്ട്. ആയതിനായി ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസുള്ള സ്വയംതൊഴിൽ സംരംഭകരായതോ സംരംഭം ചെയ്യുന്നതിന് തയ്യാറുള്ളതോ ആയ വനിതകൾക്ക് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിന് വാഹനവിലയുടെ 50 ശതമാനം തുക സബ്സിഡി അനുവദിക്കുന്നതിനായി 4,00,000/- രൂപ വകയിരുത്തുന്നു. കൂടാതെ വനിതകൾക്ക് ചെറുകിടസംരംഭങ്ങൾ ആരംഭിക്കുന്നതിന് 2,00,000/- രൂപയും വകയിരുത്തുന്നു

**വനിതകൾക്ക് യോഗ പരിശീലനം**

സ്ത്രീജനങ്ങളുടെ ആരോഗ്യസുരക്ഷ മുൻനിർത്തി മാറാടി ഗ്രാമപഞ്ചായത്ത് ആരംഭിച്ച ഒരു പദ്ധതിയാണ് വനിതകൾക്ക് മാത്രമായി യോഗ പരിശീലനം. ജീവിതശൈലി രോഗങ്ങൾ കൂടിവരുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനും മാനസിക ഉല്ലാസത്തിനുമായിട്ടാണ് ഈ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. അറുപതോളം സ്ത്രീകൾ ടി പദ്ധതിയുടെ ഗുണഭോക്താവായി നിലവിലുണ്ട്. യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ അവബോധം നൽകി കൂടുതൽ സ്ത്രീകളെ ടി പദ്ധതിയിലേയ്ക്ക് ആകർഷിക്കേണ്ടതായിട്ടുണ്ട്. തുടർ പദ്ധതി എന്ന നിലയിൽ ടി പദ്ധതിയ്ക്കായി 2026-2027 വർഷം 1.40 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ സ്ഥലലഭ്യതയ്ക്കനുസരിച്ച് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ എല്ലാ വാർഡുകളിലും ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**<u>വീട് മെയിന്റനൻസ്.</u>**

അടച്ചുറപ്പുള്ള ഭവനം എന്നത് ഏതൊരുവന്റെയും സ്വപ്നമാണ്. മാറാടി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ഒരു ആവശ്യം ആയിരുന്നു വീട് മെയിന്റനൻസ് ചെയ്ത് നൽകുക എന്നത്. മുൻ വർഷങ്ങളിൽ ഒരു ഗുണഭോക്താവിന് അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കുന്ന വാല്യുവേഷൻ പ്രകാരം പരമാവധി 50,000/- രൂപയാണ് അനുവദിച്ചിരുന്നത്. ആയത് 1,00,000/- രൂപയായി വർദ്ധിപ്പിച്ച് ഈ വർഷവും വീട് മെയിന്റനൻസ് ജനറൽ വിഭാഗത്തിന് 28,00,000/- ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 8,00,000/- ലക്ഷം രൂപയും വകയിരുത്തുന്നു.

**<u>ഭിന്നശേഷിയുള്ളവരുടെ ക്ഷേമം.</u>**

സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്നവർ എന്ന രീതിയിൽ ഭിന്നശേഷിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ മികവുറ്റതാക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമം ഭിന്നശേഷി സൌഹൃദമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടങ്ങൾ ഭിന്നശേഷി സൌഹൃദമാക്കി മാറ്റുന്നതിനുള്ള പദ്ധതികളും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന് ഗ്രാമപഞ്ചായത്തിൽ നിന്നുതന്നെ തുടക്കം കുറിച്ചുകൊണ്ട് ഭിന്നശേഷി - വയോജനങ്ങൾ എന്നിവർക്കായി ഫ്രണ്ട് ആഫീസ് കൗണ്ടർ താഴത്തെ നിലയിൽ സജ്ജീകരിച്ചിട്ടുള്ളതും ടേക്ക് എ ബ്രേക്ക് കോംപ്ലക്സിൽ ഉൾപ്പെടെ റാമ്പ് സംവിധാനം ഏർപ്പെടുതതിയിട്ടുള്ളതുമാണ്. ഗ്രാമ പഞ്ചായത്ത് ആഫീസ് കെട്ടിടം ഭിന്നശേഷി-വയോജന സൗഹൃദമാണെന്നുള്ള സാമുഹ്യക്ഷേമ വകുപ്പ് അധികൃതരുടെ സാക്ഷ്യപ്പത്രവും ലഭിച്ചിട്ടുള്ളതാണ് ബഡ്സ് സ്കൂൾ പ്രവർത്തനത്തിനും മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കുമായി 4,80,000/- രൂപ വകയിരുത്തുന്നു. കൂടാതെ കോക്ലീയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിയ്ക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗ് ചെയ്യുന്നതിനായി ശ്രുതിതരംഗം എന്നപേരിൽ 50,000/- രൂപ വകയിരുത്തി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ടോക്കിംഗ് ലാപ്ടോപ്പ് വാങ്ങുന്നതിനും 75,000/- തുക വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണത്തിനായി 4,88,820/- രൂപയും വകയിരുത്തിയിട്ടുണ്ട്.

**<u>സ്ട്രീറ്റ് മെയിൻ വലിക്കൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ.</u>**

തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും തുടർ പരിപാലനവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ പാതകളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയെന്നുള്ളത് ഗ്രാമ പഞ്ചായത്തിന്റെ ലക്ഷ്യമാണ്. ഇതിനായി സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചിട്ടില്ലാത്തയിടങ്ങളിൽ സ്ട്രീറ്റ് മെയിനുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കൂടാതെ നിലവിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിനായും പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തിട്ടുണ്ട്. സ്ട്രീറ്റ് മെയിൻ വലിക്കലും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 10 ലക്ഷം രൂപയും തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി 4.90 ലക്ഷം രൂപയും തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപയും വകയിരുത്തുന്നു.

**<u>ലൈഫ് ഭവന നിർമ്മാണം.</u>**

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ പ്രവർത്തനം മികച്ച രീതിയിൽ നടപ്പാക്കി അവസാന ഘട്ടത്തിലാണ്. ടി പദ്ധതിയിലൂടെ അർഹരായ 149 പേർക്കും പി.എം.എ.വൈ പദ്ധതിയിൽ 28 പേർക്കും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. സ്ഥലം വാങ്ങുന്നതിന് വേണ്ടി 28 പേർക്ക് ധനസഹായം നൽകിയിട്ടുള്ളതാണ്. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായതും ഭൂമിയുള്ളവരുമായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് മാറാടി ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ലൈഫ്മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സ്വന്തമായി ഒരു ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി 48,78,000/- ലക്ഷം രൂപയും പി.എം.എ വൈ പദ്ധതിയ്ക്കായി 10,00,000/- രൂപയും വകയിരുത്തുന്നു.

**<u>പാലിയേറ്റീവ് പരിചരണം.</u>**

വേദനാപൂർണ്ണമോ സങ്കീർണ്ണമോ ആയ രോഗങ്ങൾ ബാധിച്ചവരുടെ ക്ലേശങ്ങളൊഴിവാക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള വൈദ്യ പരിചരണമോ ചികിത്സയോ ആണ് സാന്ത്വനചികിത്സ അഥവാ പാലിയേറ്റീവ് പരിചരണം. ആധുനിക വൈദ്യശാസ്ത്രം ശീലിച്ചു പോന്ന ഒരു പരിചരണരീതിയിൽ നിന്നും വ്യത്യസ്തമായിരുന്നു ഇത്. ആദ്യകാലങ്ങളിൽ ഇങ്ങനെ പരിചരണം ലഭിച്ചിരുന്നത് മരണാസന്നരായ അർബുദ രോഗികൾക്കുമാത്രമായിരുന്നു. പക്ഷേ ഇപ്പോൾ ചികിത്സിച്ചു ഭേദമാക്കാവുന്ന എല്ലാരോഗങ്ങളിലും, രോഗിയുടെ വേദനയും മറ്റസ്വസ്ഥതകളും ഒഴിവാക്കുവാനോ കുറയ്ക്കുവാനോ ഈ പരിചരണം പ്രയോജനപ്പെടുന്നു. വയോജനങ്ങളായ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന് എന്നിവ ഉറപ്പു വരുത്തേണ്ടത് ഓരോ പ്രാദേശിക സർക്കാരിന്റെയും ഉത്തരവാദിത്വമാണ്. രോഗികളുടെ സാമ്പത്തികനില പരിഗണിക്കാതെ എല്ലാവർക്കും പരിചരണം നൽകുകയെന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. ടി പദ്ധതിയുടെ ഭാഗമായി രോഗീ - ബന്ധു സംഗമം നടത്തുന്നതിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ മറ്റ് അനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്കായി 11 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>മരുന്നുവാങ്ങൽ</u>**

ഒരു വ്യക്തിക്ക് ജീവിതത്തിൽ ആവശ്യമുള്ള സന്തോഷത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് നല്ല ആരോഗ്യം. നല്ല ആരോഗ്യം ഉറപ്പുവരുത്തുന്നതിന് മികച്ച ചികിത്സാ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. മാറാടി ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നു വാങ്ങുന്നതിനായി 18 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുവായ പ്രവർത്തികളിലുൾപ്പെട്ട മഴക്കുഴികൾ, നീർച്ചാലുകൾ തുടങ്ങിയ പ്രവർത്തികളുടെ നിർമ്മാണം. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ചെറുകിട ജലസേചന സ്രോതസ്സുകളായ തോടുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, ജലസേചന കുളങ്ങളുടെയും മറ്റു ജല സ്രോതസ്സുകളുടെയും ആഴം കൂട്ടൽ, ചെക്ക്ഡാം നിർമ്മാണം എന്നീ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. സമൂഹത്തിൽ ദുർബല വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ ആയ ആട്ടിൻകൂട്, തൊഴുത്ത്, കോഴിക്കൂട്, അസോള ടാങ്ക്, ഫാം പോണ്ട് നിർമ്മാണം എന്നീ പ്രവർത്തികളും ശുചിത്വ കേരളം പദ്ധതിയായ കംമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് നിർമ്മാണം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ അടിസ്ഥാന സൌകര്യവികസനത്തിൽ ഉൾപ്പെടുത്തി റോഡ് കോൺക്രീറ്റിംഗുകളും വൃക്ഷത്തൈ നടീൽ  പ്രവർത്തികളും പച്ചത്തുരുത്ത്, ന്യൂട്രീ ഗാർഡൻ തുടങ്ങിയ നൂതനപ്രവർത്തികളും മഹാത്മഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശൂലം വെള്ളച്ചാട്ടം ടൂറിസം പദ്ധതി**

മാറാടി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശൂലം വെള്ളച്ചാട്ടം  നിരവധി സഞ്ചാരികളെ ആകർഷിക്കുന്നതും പ്രകൃതി രമണീയവുമായ സ്ഥലമാണ്.  ടി സ്ഥലം ഡെസ്റ്റിനേഷൻ ടൂറിസത്തിന്റെ ഭാഗമായി വികസിപ്പിക്കുന്നതിന്  റവന്യൂ വകുപ്പിൽ നിന്ന് ഭൂമി കൈമാറി ലഭിക്കേണ്ടതായിട്ടുണ്ട്. ആയതിനായുള്ള ശ്രമങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.  ടി പ്രദേശത്ത് പ്രവർത്തനം നിലച്ച നിരവധി കരിങ്കൽ ക്വാറികളിൽ വെള്ളം നിറഞ്ഞ് കിടക്കുകയാണ്.  നിരവധി സഞ്ചാരികളെത്തുന്ന ടി പ്രദേശത്ത് ക്വാറികൾക്ക് സുരക്ഷാ വേലി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. റവന്യൂ വകുപ്പ് അധികൃതരുടെ അനുമതിയോടുകൂടി ടി പ്രവൃത്തി ചെയ്യുന്നതിന് 4,00,000/-  രൂപ വകയിരുത്തുന്നു.

**മാലിന്യ സംസ്കരണം**

‘എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം’ എന്ന ആശയത്തെ പ്രാവർത്തികമാക്കുന്നതിനും നമ്മുടെ പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആധുനിക കാലത്തിന്റെ ആവശ്യമാണ്. ‘വലിച്ചെറിയൽ മുക്ത കേരളം’ എന്ന സർക്കാരിന്റെ ക്യാമ്പയിന് ഉറച്ച പിന്തുണ നൽകുന്നതിനും നമ്മുടെ ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥലങ്ങളിലെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുമായി നിരവധി പദ്ധതികൾ ഗ്രാമ പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതാണ്.  അജൈവ മാലിന്യസംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ജൈവ/ സാനിറ്ററി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കൂടി ഒരുക്കേണ്ടതായിട്ടുണ്ട്.  സാനിറ്ററി മാലിന്യം ഏജൻസികൾക്ക് കൈമാറുന്നതിനായി 50,000/- രൂപയും സ്കൂളുകളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിമായി 1,00,000/- രൂപയും വ്യക്തികൾക്ക് മാലിന്യസംസ്ക്കരണ ഉപാധികൾ വിതരണം ചെയ്യുന്നതിനായി 15,00,000/-  രൂപയും വകയിരുത്തുന്നു.

**ഹരിതതീർത്ഥം**

മാറാടി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തനം അവസാനിപ്പിച്ച നിരവധി കരിങ്കൽ ക്വാറികൾ മഴവെള്ളം നിറഞ്ഞ് അപകടാവസ്ഥയിലുള്ളതാണ്. ചുറ്റുപാടും താമസിക്കുന്നവർക്ക് ഭീഷണിയായി ഒരു ജലബോംബായി സ്ഥിതിചെയ്യുന്ന ടി ക്വാറികളിലെ വെള്ളം ഒഴുക്കികളഞ്ഞ് പരിസരവാസികളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകേണ്ടത് അത്യാവശ്യമാണ്. ക്വാറികളിലെ വെള്ളം സോളാർ പാനലുകളിലൂടെ 10 കെ.വി വൈദ്യുതി ഉല്പാദിപ്പിച്ച് 10 എച്ച്.പിയുള്ള മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് ജലസേചനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള പദ്ധതി ഹരിതകേരള മിഷന്റെയും അനെർട്ടിന്റേയും സഹകരണത്തോടെ നടപ്പിലാക്കുന്നതിന് 8 ലക്ഷം രൂപ വകയിരുത്തി ഹരിതതീർത്ഥം പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

**കുടിവെള്ളം**

മാറാടി ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിലൂടെ മൂവാറ്റുപുഴയാറും എം.വി.ഐ.പി കനാലുകളും കടന്നുപോകുന്നുണ്ടെങ്കിലും ഇപ്പോഴും വേനൽക്കാലത്ത് കുടിവെള്ളത്തിന് ബുദ്ധിമുട്ടുള്ള പ്രദേശങ്ങളുണ്ട്. പ്രദേശിക കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളിലൂടെ മാത്രമേ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വിപുലീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 7,37,460/- രൂപയും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്നതിനായി 2,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

**ശിശുക്കൾ**

ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ. കുട്ടികളുടെ ബൗദ്ധിക വളർച്ചയ്ക്കും ആരോഗ്യ പരിപാലനത്തിനുമായുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. അങ്കണവാടി പൂരകപോഷക ആഹാരവിതരണത്തിനായി 5,00,000/- രൂപയും അങ്കണവാടികളിലേയ്ക്ക് ഔട്ട് ഡോർ കളി ഉപകരണങ്ങൾ, കസേരകൾ,വേയിംഗ് മെഷ്യനുകൾ എന്നിവയ്ക്കായി 3,85,000/- രൂപയും 11-ാം വാർഡ് അങ്കണവാടിയുടെ മുൻഭാഗം ഷീറ്റ് മേയുന്നതിനായി 3,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

**വിദ്യാഭ്യാസം**

കൂത്താട്ടുകുളം ഉപജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ സ്കൂൾ സ്ഥിതിചെയ്യുന്ന മാറാടി ഗ്രാമ പഞ്ചായത്തിലാണ് എന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്. പൊതുവിദ്യാഭ്യാസകാര്യങ്ങൾക്കായി മുൻ വർഷത്തെപ്പോലെതന്നെ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഗവ.എൽ.പി.സ്കൂൾ കായനാടി, ഗവ.യു.പി.സ്കൂൾ,സൗത്ത് മാറാടി. ഗവ.എൽ.പി.സ്കൂൾ കുരുക്കുന്നപുരം എന്നിവയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 7,00,000/-രൂപയുടെ പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ സൗത്ത് മാറാടി യു.പി.സ്കൂളിന്റെ സ്റ്റാഫ് റൂം ഫർണിഷിംഗിനായി 3,00,000/- രൂപയും വകയിരത്തിയിട്ടുണ്ട്. ജീവിത വിജയത്തിന്റെ നല്ല പാഠങ്ങൾ കുട്ടിക്കാലത്ത് തന്നെ അഭ്യസിക്കാൻ അവസരം ലഭ്യമാക്കുകയാണ് രക്ഷാകർത്താക്കളുടേയും സമൂഹത്തിന്റെയും ചുമതല. കുട്ടികൾക്ക് താല്പര്യമുള്ളതും ചെയ്യാൻ ആഗ്രഹിക്കുന്നതുമായ കളികളിലൂടെ ശാസ്ത്രീയമായ വ്യായാമ എൽ.പി, യു.പി സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിച്ച് മികച്ച ആരോഗ്യമുള്ളവരാക്കി മാറ്റുന്നതിന് കായിക അദ്ധ്യാപകനെ നിയമിക്കുന്നതിനുള്ള പദ്ധതിയും നീന്തൽ പരിശീലന പദ്ധതിയും 1,50,000/- രൂപ വകയിരുത്തി ഏറ്റെടുത്തിട്ടുള്ളതാണ്.

**ജൈവവൈവിധ്യപരിപാലനം**

കാലാവസ്ഥവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും ഭാഗമായുണ്ടാകുന്ന പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മാറാടി ഗ്രാമ പഞ്ചായത്തിലെ അരീക്കൽകാവിന്റെ സംരക്ഷണത്തിനായി 50,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**<u>എക്കോ ഫ്രണ്ട്‌ലി റിവർ ടൂറിസം പദ്ധതി</u>**

മാറാടി ഗ്രാമ പഞ്ചായത്ത് മുറിക്കൽ മുതൽ കായനാട് വരെയുള്ള മുവാറ്റുപുഴ ആറിന്റെ സൈഡ് കെട്ടി വാക്ക് വേ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കി പുഴയും തീരവും സംരക്ഷിക്കുന്നതിനും അതിനോടൊപ്പം റിവർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് പദ്ധതി ആവിഷ്കരിക്കുന്നതാണ്.

**<u>കായനാട് – നോർത്ത് മാറാടി ലിഫ്റ്റ് ഇറിഗേഷൻ കനാൽ പുനരുദ്ധാരണം</u>**

മാറാടി ഗ്രാമ പഞ്ചായത്തിലെ കായനാട്, നോർത്ത് മാറാടി എന്നിവിടങ്ങളിലെ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസുകൾ നവീകരിച്ച് വെള്ളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതി ഇറിഗേഷൻ വകുപ്പ് അധികൃതരുടെ അനുമതിയോടുകൂടി നടപ്പിലാക്കുന്നതാണ്.

**<u>പട്ടികജാതി ക്ഷേമ പദ്ധതികൾ</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർധനയായ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായത്തിനായി 5,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്.

**<u>പട്ടികവർഗക്ഷേമ പദ്ധതികൾ</u>**

പട്ടികവർഗത്തിൽപ്പെട്ടവർക്ക് ആടു വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്.

**2026-27 സാമ്പത്തിക വർഷം മാറാടി പഞ്ചായത്തിൽ ലഭ്യമാകുന്ന പ്ലാൻ ഫണ്ട് വിഹിതം**

| | |
|---|---|
| പദ്ധതി വിഹിതം (ജനറൽ) | 1,98,98,000 |
| പദ്ധതി വിഹിതം (എസ്.സി.പി) | 33,80,000 |
| പദ്ധതി വിഹിതം (ടി.എസ്.പി) | 1,11,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 20,71,268 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 32,87,460 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 1,63,10,000 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 50,00,000 |

പരിമിതമായ വിഭവങ്ങളോടെയും വലിയ ലക്ഷ്യങ്ങൾ കൈവരിക്കാമെന്നുള്ള നെൽസൺ മണ്ടേലയുടെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. ചുരുങ്ങിയ വിഭവങ്ങൾ ഉപയോഗിച്ച് വിഭവസമൃദ്ധമായ ഒരു ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച ഗ്രാമ പഞ്ചായത്ത്പ്രസിഡന്റ്, സെക്രട്ടറി, ഹെഡ് അക്കൗണ്ടന്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലെ മറ്റ് അംഗങ്ങൾ തുടങ്ങിയവരോടുള്ള നന്ദി അറിയിക്കുന്നു.

# മാറാടി ഗ്രാമപഞ്ചായത്ത്
## അന്തിമ പദ്ധതി - 2026-27

| No | Project Name Mal | | | ജനറൽ | എസ്.സി.പി | ടി.എസ്.പി | ധനകാര്യ ക്കമ്മീഷൻ ഗ്രാൻറ് അടിസ്ഥാ | ധനകാര്യ ക്കമ്മീഷൻ | നോൺ റോഡ് | റോഡ് | ബ്ലോക്ക പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ഗുണഭോക്തൃ വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്രാ വിഹിതം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **ഉല്പാദന മേഖല** | | | | | | | | | | | | | | |
| 1 | നെൽകൃഷി വികസന പദ്ധതി | | | 232512 | | | | | | | | | | | |
| 2 | വിള ആരോഗ്യ പരിപാലനകേന്ദ്രം-സേവനങ്ങൾ വിപുലപ്പെടുത്തൽ | | | 35000 | | | | | | | | | | | |
| 3 | തെങ്ങിൻറെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കൽ | | | 210000 | | | | | | | | | | | |
| 4 | തരിശു നെൽകൃഷിക്ക് ധനസഹായം | | | 22000 | | | | | | | | | | | |
| 5 | ഏത്തവാഴ കൃഷിക്ക് സബ്സിഡി | | | 90000 | | | | | | | 45000 | | | | |
| 6 | സമഗ്ര പുരയിടകൃഷി | | | 356375 | | | | | | | | | | | |
| 7 | തിരി നന | | | 100000 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 8 | പോഷക സമൃദ്ധി മിഷൻ - കൂൺ കൃഷി പ്രോത്സാഹനം | | | 90000 | | | | | | | | | | | |
| 9 | കൃഷിഭവനിലെ കണ്ടിജൻസി ചെലവുകൾ | | | | | | | | 40000 | | | | | | |
| 10 | പോഷക സമൃദ്ധി മിഷൻ പോഷകതോട്ടം സ്കൂളുകളിൽ | | | 3500 | | | | | | | | | | | |
| 11 | പച്ചക്കറികൃഷി മുറ്റത്തും മട്ടുപ്പാവിലും | | | 207000 | | | | | | | | | | | |
| 12 | സമഗ്ര പച്ചക്കറി ഉത്പാദന യജ്ഞം | | | 36000 | | | | | | | | | | | |
| 13 | സംയോജിത കൃഷി | | | 50000 | | | | | | | | | | | |
| 14 | ഹൈബ്രിഡ് പച്ചക്കറി വിത്ത് വിതരണം | | | 10000 | | | | | | | 10000 | | | | |
| 15 | ജാതി തൈ വിതരണം | | | 75000 | | | | | | | | | | | |
| 16 | വെറ്റിനറി ഡിസ്പെൻസറി യുടെ ഓഫീസ് ചെലവുകൾ | | | | | | | | 50000 | | | | | | |
| 17 | മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | | | | | | | | 200000 | | | | | | |
| 18 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ | | | 439000 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 19 | കറവപ്പശുക്കൾക്ക് വറ്റുകാല കാലിത്തീറ്റ വിതരണം | | | 184000 | | | | | | | | | | | |
| 20 | എബിസി പ്രോഗ്രാം - വിഹിതം നല്കൽ | | | 100000 | | | | | | | | | | | |
| 21 | പേവിബാധ നിയന്ത്രണ പദ്ധതി | | | 10000 | | | | | | | | | | | |
| 22 | തെരുവ് നായ്ക്കൾക്ക് പേവിഷബാധ നിയന്ത്രണ പരിപാടി | | | 25000 | | | | | | | | | | | |
| 23 | കറവപ്പശുകൾക്ക് ധാതുലവണ മിശ്രിതം | | | 100000 | | | | | | | | | | | |
| 24 | ക്ഷീരകർഷകർക്ക് പാലിനു ഇൻസെന്റീവ് | | | 400000 | | | | | | | | | | | |
| 25 | വനിതാ സ്വയം സംരംഭകർക്ക് ഇരുചക്ര വാഹനം | | വനിത | 400000 | | | | | | | | | | | |
| 26 | ജനകീയ ഹോട്ടൽ | | വനിത | 100000 | | | | | | | | | | | |
| 27 | കക്കാട്ടിൽത്താഴം പുഞ്ച റോഡ് ട്രാക്ടർ പാസ്സേജ് നിർമ്മാണം - വാർഡ് 13 | | | 200000 | | | | | | | | | | | |
| 28 | കടുവേലിപ്പാടം ട്രാക്ടർ പാസ്സേജ് | | | 200000 | | | | | | | | | | | |
| 29 | ഇട്ടുണ്ണാൻ പാടശേഖരം ട്രാക്ടർ പാസ്സേജ് | | | 200000 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 30 | ചെറുകിട സംരംഭം (വ്യക്തിഗതം-വനിത) | | | 200000 | | | | | | | | | | | |
| 31 | പൌലിത്താഴം ഇലവുങ്കൽത്താഴം മാടശ്ശേരിപാടം തോട് സംരക്ഷണഭിത്തി കെട്ടൽ | | | 100000 | | | | | | | | 1000000 | | | |
| 32 | കൃഷി ഭവൻറെ മുൻഭാഗം ഷീറ്റ് മേയൽ | | | 100000 | | | | | | | | | | | |
| | **ആകെ** | | | **4275387** | **0** | **0** | **0** | **0** | **290000** | **0** | **55000** | **0** | **0** | **0** | **0** |
| | **സേവനം** | | | | | | | | | | | | | | |
| 33 | സമഗ്ര ആരോഗ്യ പരിപാടി - പകർച്ച വ്യാധി നിയന്ത്രണം | | | 30000 | | | | | | | | | | | |
| 34 | ക്യാൻസർ നിർണ്ണയ നിയന്ത്രണ പ്രതിരോധ പരിപാടി | | | 30000 | | | | | | | | | | | |
| 35 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | | | | | | | | 800000 | | | | | | |
| 36 | പി.എച്ച്.സി യിലേ കണ്ടിജൻസി ചെലവുകൾ | | | | | | | | 75000 | | | | | | |
| 37 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം നല്കൽ | | | 280000 | | | | | | | | | | | |
| 38 | സാന്ത്വന പരിചരണവും അനുബന്ധ പ്രവർത്തനങ്ങളും | | | 1000000 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 39 | ശ്രുതി തരംഗം - കോക്ലിയർ ഇംപ്ലാന്റേഷൻ | | ഭിന്നശേഷി | 50000 | | | | | | | | | | | |
| 40 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | | | | | | | | 200000 | | | | | | |
| 41 | ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറികളിൽ റാമ്പ് | | | | | | | | 100000 | | | | | | |
| 42 | ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറികളിൽ ഫീഡിംഗ് റൂം സൌകര്യം ഏർപ്പെടുത്തൽ | | വനിത | 300000 | | | | | | | | | | | |
| 43 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | | | | | | | | 800000 | | | | | | |
| 44 | ആയുർവ്വേദ ആശുപത്രിയിലെ കണ്ടിജൻസി ചെലവുകൾ | | | | | | | | 35000 | | | | | | |
| 45 | വനിതകൾക്ക് യോഗ പരിശീലനം | | വനിത | 140000 | | | | | | | | | | | |
| 46 | ആയുർവ്വേദ സബ് സെന്റർ ഫർണിച്ചർ, കമ്പ്യൂട്ടർ | | | | | | | | 75000 | | | | | | |
| 47 | വീട് വാസയോഗ്യമാക്കൽ - ജനറൽ | | | 1660000 | | | 290000 | | | | | | | | |
| 48 | ലൈഫ് ഭവനപദ്ധതി-ഭവന നിർമ്മാണം -ജനറൽ | | | 2578000 | | | | | | | 1000000 | 3000000 | | 2000000 | |
| 49 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | | | 800000 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 50 | പി.എം.എ.വൈ ജി വിഹിതം നൽകൽ | | | 1000000 | | | | | | | | | | | |
| 51 | വി.ഇ.ഒ ഓഫീസിലേക്ക് സ്കാനർ | | | | | | | | 15000 | | | | | | |
| 52 | അങ്കണവാടികളിലേക്ക് ഔട്ട് ഡോർ കളി ഉപകരണങ്ങളും കസേരകളും | | | 150000 | | | | | 150000 | | | | | | |
| 53 | അങ്കണവാടിയിലേക്ക് ബേബി ബെഡ് വിതരണം | | | | | | | | 90000 | | | | | | |
| 54 | ഐ.സി.ഡി.എസ് അങ്കണവാടി കണ്ടിജൻസി ചെലവുകൾ | | | | | | | | 100000 | | | | | | |
| 55 | ഭിന്നശേഷി കലോത്സവം | | | | | | | | | | | | | | |
| 56 | അങ്കണവാടി അനുപൂരക പോഷകാഹാരം | | | 500000 | | | | | | | | | | | 800000 |
| 57 | ബഡ്സ് സ്കൂൾ ഭക്ഷണ വിതരണം | | | 130000 | | | | | | | | | | | |
| 58 | ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | | 488820 | | | | | | | 244410 | 81470 | | | |
| 59 | കാഴ്ചപരിമിതർക്കുള്ള ടോക്കിംഗ് ലാപ്പ്ടോപ്പ് | | | 75000 | | | | | | | | | | | |
| 60 | അങ്കണവാടികളുടെ പെയിന്റിംഗ് | | | | | | | | 300000 | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 61 | 10-ാം വാർഡ് അങ്കണവാടിയുടെ മുൻവശം ഷീറ്റ് മേയൽ | | | | | | | | 300000 | | | | | | |
| 62 | അങ്കണവാടികൾക്ക് വെയിംഗ് മെഷീൻ | | | 50000 | | | | | | | | | | | |
| 63 | ഐകെഎം വിഹിതം നല്കൽ | | | 100000 | | | | | | | | | | | |
| 64 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | | | | | | | | | | | | | | |
| 65 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി | | | | | | | | | | | | | | |
| 66 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൽ വാങ്ങൽ | | | | | | | | | | | | | | |
| 67 | രാജീവ് ഗാന്ധി വനിത പരിശീലന കേന്ദ്രം ഫർണിച്ചർ | | വനിത | 400000 | | | | | | | | | | | |
| 68 | തെരുവ് വിളക്ക് പരിപാലനം | | | | | | | | | | | | | | |
| 69 | തെരുവ് വിളക്ക് സ്ഥാപിക്കൽ | | | | | | | | | | | | | | |
| 70 | ലൈബ്രറിയിലേക്ക് ഫർണിച്ചർ | | | | | | | | 100000 | | | | | | |
| 71 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | | | | | | 1000000 | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 72 | ഹരിതകർമ്മസേന തുടർ പ്രവർത്തനങ്ങൾ | | | 200000 | | | | | | | | | | | |
| 73 | ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം | | | | | | | 1500000 | | | | | | | |
| 74 | ഹരിത കർമ്മസേനയ്ക്ക് യൂസർഫീ കൈമാറൽ | | | | | | | | | | | | | | |
| 75 | വ്യക്തിഗത ടോയിലറ്റ്  നിർമ്മാണം | | | | | | | | | | | | | 100000 | |
| 76 | മാലിന്യ സംസ്കരണം കമ്മ്യൂണിറ്റി തലം (സ്കൂളുകളിൽ) | | | | | | | | | | | | | 250000 | |
| 77 | പൊതു ഇടങ്ങളിലുള്ള മാലിന്യ കൂനകൾ വൃത്തിയാക്കൽ | | | | | | | | | | | | | | |
| 78 | എസ്എസ്കെ വിഹിതം നൽകൽ | | | 300000 | | | | | | | | | | | |
| 79 | വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോ സെൻസ് | | | | | | | | | | | | | | |
| 80 | യു.പി.സ്കൂൾ കുട്ടികൾക്ക് കായിക<br>അദ്ധ്യാപകന്റെ സേവനം<br>ലഭ്യമാക്കൽ | | | | | | | | | | | | | | |
| 81 | സൌത്ത് മാറാടി യു.പി സ്കൂളിലെ കണ്ടിജൻസി ചെലവുകൾ | | | | | | | | 100000 | | | | | | |
| 82 | എൽ.പി, യു.പി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം | | | 150000 | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 83 | ഗവ.എൽ.പിഎസ് കായനാട് സ്കൂൾ അടുക്കള നവീകരണം, മതിലിന്റെ ഉയരം വർദ്ധിപ്പിക്കൽ, ടൈൽ വിരിക്കൽ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | | | | | | 400000 | | | | | | | | |
| 84 | കായനാട് എൽ.പി. സ്കൂളിലേക്ക് ഫർണിച്ചർ, കളർ പ്രിന്റർ | | | | | | | | | | | | | | |
| 85 | ഗവ.യു.പി.എസ്, സൌത്ത് മാറാടി, കുരുക്കുന്നപുരം എൽ.പി.എസ് സ്കൂളിൽ പെയിന്റിംഗും ഓഡിറ്റോറിയത്തിന് ഗ്രിൽ സ്ഥാപിക്കലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും | | | | | | 300000 | | | | | | | | |
| 86 | ബാലസഭ പ്രവർത്തനങ്ങൾ | | | | | | | | | | | | | | |
| 87 | മാലിന്യമുക്ത നവകേരളം - ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങൾ | | | | | | | | | | | | | | |
| 88 | വിജ്ഞാന കേരളം | | | | | | | | | | | | | | |
| 89 | കേരളോത്സവം | | | | | | | | | | | | | | |
| 90 | അതിദരിദ്രർക്ക് ഭക്ഷണം ലഭ്യമാക്കൽ | | | | | | | | | | | | | | |
| 91 | സാനിറ്ററി വേസ്റ്റ് ഡിസ്പോസൽ | | | | | | | | | | | | | | |
| 92 | റിജക്റ്റഡ് വേസ്റ്റ്, ഇ-വേസ്റ്റ് തുടങ്ങിയവ ക്ലീൻ കേരള കമ്പനിക്ക് കൈമാറൽ | | | | | | | 150000 | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 93 | ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യക്കിറ്റ് ലഭ്യമാക്കൽ | | | | | | | | | | | | | | |
| 94 | ക്ഷയരോഗികൾക്ക് ഭക്ഷ്യക്കിറ്റ് | | | | | | | | | | | | | | |
| 95 | ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ പ്രവർത്തന ചെലവുകൾ | | | 350000 | | | | | | | 300000 | | | | |
| 96 | വാതിൽപ്പടി സേവന പ്രവർത്തനങ്ങൾ | | | | | | | | | | | | | | |
| 97 | ഹരിത തീർത്ഥം | | | | | | | 600000 | | | | | | | 400000 |
| 98 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (വാർഡ് 14,1) | | | | | | | 200000 | | | | | | | |
| 99 | ഗ്രാമ പഞ്ചായത്ത് പ്രിയദർശി ഹാളിലേയ്ക്കും ലൈബ്രറി ഹാളിലേയ്ക്കും കസേരകൾ | | | | | | | | | | | | | | |
| 100 | അസി.എഞ്ചിനിയർ വാഹന വാടക നൽകൽ | | | | | | | | | | | | | | |
| 101 | കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ(ഇരട്ടയാനിക്കുന്ന്,ഊളക്കുന്ന്,ചൂരമലത്തണ്ട്,കായനാട് ലക്ഷംവീട്) | | | | | | | 737460 | | | | | | | |
| | **ആകെ സേവനം** | | | **10761820** | **0** | **0** | **1990000** | **3187460** | **3240000** | **0** | **1544410** | **3081470** | **0** | **2350000** | **1200000** |
| | **പശ്ചാത്തലം** | | | | | | | | | | | | | | |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 102 | റോഡുകൾക്ക് ദിശാബോർഡ് സ്ഥാപിക്കൽ | | | | | | | | | | | | | | |
| 103 | പി.എച്ച്.സി മുകൾനില പൂർത്തീകരണം | | | | | | | | | | | | | | |
| 104 | ശൂലം വെള്ളച്ചാട്ടം ടൂറിസം പദ്ധതി | | | | | | | | | | | | | | |
| 105 | കാവുകളുടെ സംരക്ഷണം | | | | | | | | | | | | | | |
| 106 | പഞ്ചായത്ത് ലൈബ്രറി ഹാൾ നവീകരണം | | | | | | | | | | | | | | |
